

THURSDAY 14/11/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/11/2024

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരളകർഷകൻ മാസികയുടെ വരിസംഖ്യ ഇനി ഓൺലൈനായി അടയ്ക്കാം. ഒരു വർഷത്തേക്കുള്ള വരിക്കാരാകുന്നതിന് 200 രൂപ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ വെബ് സൈറ്റ് ആയ subscription.fibkerala.gov.in വഴി വരിസംഖ്യ അടയ്ക്കാവുന്നതാണ്. വാർഷിക വരിസംഖ്യ 200 രൂപയാണ്. കൂടാതെ വിദേശത്തുള്ളവർക്കുൾപ്പെടെ കേരളകർഷകൻ ഓൺലൈൻ വരിക്കാരനാകുന്നതിനും subscription.fibkerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഓൺലൈൻ വാർഷിക വരിസംഖ്യ 100 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9383470288 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കേരസുരക്ഷ നവംബർ 15 വരെ നാളികേരള വികസന ബോർഡിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നവംബർ 15 വരെ സമർപ്പിക്കാം. 94 രൂപയാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എക്സ്റ്റെൻഷൻ 104 എന്ന നമ്പറിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗവുമായി ബന്ധപ്പെടുക.

3. ക്ഷീരകാർഷിക മേഖലയിൽ യുവജനതയെ ആകർഷിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയും മൃഗസംരക്ഷണം സാധ്യമാക്കുന്നതിനുമായി ഡിസംബർ 20 മുതൽ 29 വരെ വയനാട് പൂക്കോട് കേരള വെറ്ററിനറി സർവകലാശാലയിൽ ആഗോള ലൈവ് സ്റ്റോക്ക് കോൺക്ലേവ് നടത്തും. മൂല്യവർധിത ഉല്പന്നങ്ങളെക്കുറിച്ചും വളർത്തുമൃഗങ്ങൾ, പൗൾട്രി, ഡയറി അക്വാഫാമിങ് എന്നീ വിഭാഗങ്ങളിലെ ഏറ്റവും പുതിയ അറിവുകൾ, മാറിവരുന്ന സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് മനസിലാക്കാനുള്ള

വേദിയാകും കോൺക്ലേവ്. വളർത്തുമൃഗങ്ങൾ കന്നുകാലികൾ, ഡയറി ഫാമിങ്, അക്വാഫാമിങ്, പൗൾട്രി എന്നിവയുടെ സ്റ്റാളുകളും വിവിധ എക്സ്പോകളും ഇതോടനുബന്ധിച്ച് ഉണ്ടാകും. വിശദ വിവരങ്ങൾക്ക്: 9895088388, 9446052800 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തിയിലെ കമ്മ്യൂണിക്കേഷൻ സെന്ററിൽ വച്ച് **'വീട്ടുവളപ്പിലെ പച്ചക്കറികൃഷിയും ജൈവമാലിന്യ സംസ്ക്കരണവും – ആദായത്തിനും ആരോഗ്യത്തിനും'** എന്ന വിഷയത്തിൽ 2024 നവംബർ 26 ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773 ഫോൺ നമ്പറിൽ 2024 നവംബർ 25 ന് മുമ്പായി ബന്ധപ്പെടുക.

5. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാമിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷത്തെ സ്റ്റൈപ്പൻറോടു കൂടിയ പരിശീലന പരിപാടിയായ 'ഫോഡർ ക്രോപ്പ് ഡെവലപ്പ്മെന്റ് ആർമി 2025' വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ തൃശൂർ ജില്ലയിൽ സ്ഥിരതാമസമുള്ളവരും 18-60 വയസ്സിനിടയിൽ പ്രായമുള്ളവരും ആയിരിക്കണം. നല്ല കായികക്ഷമതയുള്ള സ്ത്രീ-പുരുഷന്മാർക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾ 5850 രൂപ ഒറ്റത്തവണഫീസായി ആദ്യം അടക്കേണ്ടതാണ്. ഇവർക്ക് മാസം തോറും 7500 രൂപയാണ് സ്റ്റൈപ്പൻറ്. അപേക്ഷകർ ലഭിക്കേണ്ട അവസാന തിയ്യതി 2024 നവംബർ 28. അപേക്ഷാഫോറം സർവ്വകലാശാല വെബ്സൈറ്റിൽ നിന്നോ അല്ലെങ്കിൽ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം ഓഫീസ്, മണ്ണുത്തിയിൽ നിന്നോ നവംബർ 28 വരെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിശദവിവരങ്ങൾക്ക് 0487-2370302, 9526862274 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

6. കണ്ണൂർ കക്കാട് റോഡിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നവംബർ 19, 20 തീയതികളിൽ രാവിലെ 10.15 മുതൽ വൈകീട്ട് 5.15 വരെ **ആട് വളർത്തലിൽ** പരിശീലന ക്ലാസ് നടത്തുന്നു. നവംബർ 18 ന് വൈകീട്ട് 4നകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497-2763473.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പ്രത്യേക പരിശീലനം 2024 നവംബർ 25 മുതൽ 29 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9495928077** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ **: training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം